(സി) ഉണ്ട്.

(ഡി&ഇ) അന്വേഷണത്തിൽ ഇത്തരം പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാരുടെ വിവരം താഴെ ചേർക്കുന്നു :

1. ഡോ. ബി. ശ്യാംകുമാർ
2. ഡോ. ജയകുമാർ
3. ഡോ. ജയചന്ദ്രൻ
4. ഡോ. ധർമ്മരാജൻ

ഇവർക്കെതിരെ അച്ചടക്ക നടപടിയുടെ ഭാഗമായി കാരണം കാണിക്കൽ നോട്ടീസ് നൽകിയിരിക്കുകയാണ്. ഡോ. ജയകുമാർ സർവ്വീസിൽനിന്നും വിരമിച്ചതിനാൽ അദ്ദേഹത്തിന്റെ പെൻഷനിൽനിന്ന് 500 രൂപ മാസംതോറും 3 വർഷത്തേക്ക് കുറവ് ചെയ്യാനും ഡോ. ശ്യാംകുമാർ, ഡോ. ജയചന്ദ്രൻ, ഡോ. ധർമ്മരാജൻ തുടങ്ങിയവരുടെ 2 വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ടും കാരണം കാണിക്കൽ നോട്ടീസ് നൽകിയിരിക്കുകയാണ്.

മരുന്നുകളുടെ ഗുണനിലവാരം

85 (792) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഒരു വർഷം എത്രകോടി രൂപയുടെ മരുന്നുകൾ വാങ്ങി വിതരണം ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇങ്ങനെ സംഭരിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന്എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സർക്കാർ ആശുപത്രികളിലൂടെ വിതരണം ചെയ്യുന്ന പല ആന്റി ബയോട്ടിക്കുകൾക്കും ഉദ്ദേശിച്ച ഫലം കിട്ടാത്തത് ഗുണനിലവാരം കുറവായതു കൊണ്ടാണ് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഛത്തീസ്ഖണ്ഡിലെ റായ്പൂരിലുണ്ടായ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകുന്ന വാർഷിക ഇൻഡന്റ് പ്രകാരം പ്രതിവർഷം 200 കോടിയിലധികം രൂപയ്ക്കുള്ള ജനറിക് മരുന്നുകൾ കോർപ്പറേഷൻ സംഭരിച്ച് സംസ്ഥാനത്തൊട്ടാകെയുള്ള സർക്കാർ ആശുപത്രികൾ മുഖേന വിതരണം ചെയ്യുവരുന്നു. (ഇതുകൂടാതെ കോർപ്പറേഷനു കീഴിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖേന 100 കോടി രൂപയ്ക്കു മുകളിൽ ബ്രാൻഡഡ് മരുന്നുകളും കോർപ്പറേഷൻ വിപണിയിൽ വിൽപ്പന നടത്തുന്നുണ്ട്.)

(ബി&സി) അവശ്യമരുന്നു വിതരണത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള മരുന്നു കമ്പനികൾ അവരുടെ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് വിതരണം ചെയ്യുന്നതോടൊപ്പം ഓരോ ബാച്ച് എൻ.എ.ബി.എൽ. അക്രഡിറ്റഡ് ലാബിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയ പരിശോധനാ റിപ്പോർട്ട് നൽകണമെന്ന് ടെണ്ടറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ഓരോ വർഷവും കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളുടെ 10 ശതമാനം റാൻഡമായി സാമ്പിൾ എടുത്ത് കോർപ്പറേഷൻ എംപാനൽ ചെയ്തിട്ടുള്ള എൻ.എ.ബി.എൽ. അക്രഡിറ്റഡ് ലാബുകളിൽ അയച്ച് ഗുണനിലവാര പരിശോധന ഉറപ്പുവരുത്താറുണ്ട്. ഇതിനായി ഇന്ത്യയൊട്ടാകെയുള്ള എട്ട് ലാബുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ കോർപ്പറേഷൻ വിതരണം ചെയ്യുന്ന മരുന്നുകളിൽ ഏതെങ്കിലും ഒരു മരുന്നിനെക്കുറിച്ച് പരാതി ഉയർന്നാൽ, പ്രസ്തുത ബാച്ചിൽപ്പെട്ട മരുന്നിന്റെ ഉപയോഗവും വിതരണവും നിർത്തിവച്ച്, പരാതി ലഭിച്ച ആശുപത്രിയിൽനിന്നും ശേഖരിച്ച് വിശദമായ ഗുണനിലവാര പരിശോധനയ്ക്കായി തിരുവനന്തപുരത്തുള്ള ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അയച്ച് പരിശോധന നടത്താറുണ്ട്.

(ഡി) നിലവിലുള്ള നടപടികൾ പര്യാപ്തമാണ്.

ആശുപത്രികൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

86 (793) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സിദ്ധ, ആയുർവ്വേദ ആശുപത്രികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;